സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

തീയതി: 14.12.2023

നമ്പർ. ഇ.എ-2/42263/23/ഡി.ടി.ഇ

# <u>സർക്കുലർ</u>

വിഷയം:- സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം - നവംബർ 18 മുതൽ ഡിസംബർ 24 വരെ നടക്കുന്ന നവകേരള സദസ്സിൽ പൊതുജനങ്ങളിൽ നിന്ന് പരാതികൾ സ്വീകരിക്കുന്നതിനും സമയബന്ധിതമായി അവ പരിശോധിച്ച് തീരുമാനം കൈകൊള്ളുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതും - സംബന്ധിച്ച്

സൂചന :- 1. 05.11.2023 തീയതിയായുള്ള സ.ഉ. (സാധാ) നം. 5010/2023/പൊഭവ ഉത്തരവ്.

നവംബർ 18 മുതൽ ഡിസംബർ 24 വരെ നടക്കുന്ന നവകേരള സദസ്സിൽ പൊതുജനങ്ങളിൽ നിന്ന് പരാതികൾ സ്വീകരിക്കുന്നതിനും സമയബന്ധിതമായി അവ പരിശോധിച്ച് തീരുമാനം കൈകൊള്ളുന്നതിനും സൂചന സർക്കാർ ഉത്തരവ് പ്രകാരം മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

നവകേരള സദസ്സിൽ ലഭിച്ച പരാതികളിൽ അന്തിമ മറുപടി അതാത് ഓഫീസുകൾ രണ്ടാഴ്ചയ്ക്കുള്ളിൽ (അവധി ദിവസങ്ങൾ ഉൾപ്പെടെ) അപേക്ഷന്/പരാതിക്കാരന് നൽകുന്നതിനായി സർക്കാർ നിർദ്ദേശമുള്ളതിനാൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. തീർപ്പാക്കിയ പരാതികളുടെ വിശദാംശം നിർദ്ദിഷ്ട പ്രോഫോമയിൽ ടി കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്. പ്രസ്തുത ഓഫീസിൽ തീർപ്പാക്കാൻ സാധിക്കാത്ത പരാതികൾ/ ടി കാര്യാലയത്തിൽ നടപടി സ്വീകരിക്കേണ്ട പരാതികൾ അതീവ പ്രാധാന്യം നൽകി സമയബന്ധിതായി eadtekerala@gmail.com എന്ന മെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. ബഹു: മുഖ്യമന്ത്രിയുടെ കാര്യാലയം ഇതുമായി ബന്ധപ്പെട്ട പരാതികളിലെ നടപടികൾ സസൂക്ഷ്മം വീക്ഷിക്കുന്നതിനാൽ ഇക്കാര്യത്തിൽ സമയപരിധി നിർബന്ധമായും പാലിക്കേണ്ടതാണ്.

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1. വകുപ്പിന് കീഴിലെ എല്ലാ സ്ഥാപന/ഓഫീസ് മേധാവികളും (ഡിടിഇ വെബ്സൈറ്റ് വഴി)
2. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

Approval Valid

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 14.12.2023

Draft #3 of File EA2/42263/23/DTE Approved by Director (in-charge) on 14-Dec-2023 11:40 AM - Page 1

Reason: Approved

Draft #3 of File EA2/42263/23/DTE Approved by Director  (in-charge) on 14-Dec-2023 11:40 AM - Page 2

The document is digitally approved. Hence signature is not needed.

**<u>നവകേരള സദസ്സുമായി  ബന്ധപ്പെട്ട് ജില്ലാടിസ്ഥാനത്തിൽ  ലഭിച്ചിട്ടുള്ള പരാതികളെ  സംബന്ധിച്ച  റിപ്പോർട്ട്</u>**

**<u>നവകേരള സദസ്സ് നടന്ന ജില്ല :-</u>**

| ക്രമ നം. | നവകേരള സദസ്സ് നടന്ന വേദിയും തീയതിയും | പരാതിക്കാരന്റെ പേര് | പരാതിയിലെ ആവശ്യം | പരാതിയിന്മേൽ സ്വീകരിച്ച നടപടി | | |
|---|---|---|---|---|---|---|
| | | | | പരാതിക്കാരന് മറുപടി നൽകിയിട്ടുണ്ടോ? | ആസ്ഥാന കാര്യാലയത്തിലേയ്ക്ക് നൽകിയിട്ടുണ്ടോ? | വകുപ്പുമേധാവി സർക്കാരിലേയ്ക്ക് നൽകിയിട്ടുണ്ടോ? |
| | | | | | | |
| | | | | | | |